ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 13.11.2026 **TIME : 12.50 PM**

പ്രധാന വാർത്തകൾ

1. 2025-ലെ ദേശീയ കായിക പുരസ് കാരങ്ങൾ സമ്മാനിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. മലയാളിതാരം മുഹ മ്മദ് അജ്മൽ ഉൾപ്പെടെയുള്ള ഇന്ത്യൻ കായിക പ്രതിഭകൾ പുരസ്കാരം ഏറ്റുവാങ്ങി.

President Droupadi Murmu presented the National Sports Awards for 2025. Indian sporting talents, including Malayali athlete Muhammad Ajmal, received the awards.

2. ആരോഗ്യകരമായ ജീവിതശൈലി ക്ക് ആയുർവേദവും യോഗയും നൽകുന്ന സംഭാവനകൾ അതുല്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബംഗളുരുവി ൽ 15,600 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി അൽപസമയത്തിനകം തുടക്കം കുറിക്കും.

Prime Minister Narendra Modi said that Ayurveda and Yoga make invaluable contributions to a healthy lifestyle. The Prime Minister will shortly inaugurate development projects worth 15,600 crore rupees in Bengaluru.

3. കൊങ്കൺ മേഖലയിലും തീരദേശ കർണാടകയിലും റെയിൽവേ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

Union Minister Ashwini Vaishnaw said that the Union Government is committed to strengthening railway infrastructure in the Konkan region and coastal Karnataka.

4. ക്ഷയരോഗത്തിനെതിരായ പോരാട്ടത്തിൽ ശ്രദ്ധേയ നേട്ടം കൈവരിച്ച് ഇന്ത്യ . 2015-നെ അപേക്ഷിച്ച് മരണനിരക്കിൽ 38 ശതമാനം കുറവ്.

India has achieved significant progress in the fight against tuberculosis. The mortality rate has declined by 38 per cent compared to 2015.

5. ഉത്തർപ്രദേശിലും ഡൽഹിയിലും കനത്ത മൂടൽമഞ്ഞും വായു മലിനീകരണവും രൂക്ഷമായി തുടരുന്നു.

Dense fog and severe air pollution continue to affect Uttar Pradesh and Delhi.

6. ന്യൂസിലൻഡിനെതിരായ ഏകദിന പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യക്ക് 334 റൺസ് വിജയല ക്ഷ്യം.

India set a victory target of 334 runs in the fourth ODI of the series against New Zealand.

****

PREZ - SPORTS AWARDS

2025-ലെ ദേശീയ കായിക പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു . രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ ഇന്ത്യയുടെ അഭിമാന താരങ്ങൾ പുരസ്കാരം ഏറ്റുവാങ്ങി. മലയാളി അത്ലറ്റ് മുഹമ്മദ് അജ്മൽ, കണ്ണൂരിൽ നിന്നുള്ള ബാഡ്മിൻറൺ താരം ട്രീസ ജോളി എന്നിവർക്ക് പുറമേ തേജസ്വിൻ ശങ്കർ, ഗായത്രി ഗോപിചന്ദ്, വിദിത് ഗുജറാത്തി തുടങ്ങി 17 കായിക താരങ്ങൾക്കാണ് അർജുന അവാർഡ് സമ്മാനിച്ചത്. ആജീവനാന്ത സംഭാവനകൾക്കുള്ള അർജുന പുരസ്കാരം മുൻ അന്താരാഷ്ട്ര ഫുട്ബോൾ താരവും പരിശീലകനുമായ ഇസൈയ്യ അരുമൈനായഗത്തിന് ലഭിച്ചു. അത്ലറ്റിക്സ് പരിശീലകൻ പർവീർ സിംഗ്, ബോക്സിംഗ് പരിശീലകൻ ഛോട്ടെ ലാൽ യാദവ്, ഷൂട്ടിംഗ് പരിശീലകൻ നേഹ നന്ദകുമാർ ചവാൻ എന്നിവർക്കാണ് ദ്രോണാചാര്യ അവാർഡ് സമ്മാനിച്ചത്. പൂനെയിലെ 'ആർമി

പാരാലിമ്പിക് നോഡിന് 'രാഷ്ട്രീയ ഖേൽ പ്രോത്സാഹൻ പുരസ്കാരവും ' സമ്മാനിച്ചു.

***

പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. കൊങ്കൺ പാത പൂർണ്ണമായും ഇരട്ടിപ്പിക്കുന്നതിന് സർക്കാർ മുൻഗണന നൽകുന്നതായി പറഞ്ഞ കേന്ദ്ര മന്ത്രി, ഇത് ഘട്ടം ഘട്ടമായി നടപ്പാക്കുമെന്നും അറിയിച്ചു. ഉഡുപ്പിയിൽ ആകാശവാണിയുടെ പുതിയ ഒരു കിലോവാട്ട് എഫ്.എം. ട്രാൻസ്മിറ്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുതിയ എഫ്.എം. ട്രാൻസ്മിറ്റർ, ജില്ലയിൽ പൊതു പ്രക്ഷേപണ സേവനങ്ങൾ വിപുലീകരിക്കുന്നതിലെ സുപ്രധാന നാഴികക്കല്ലാണെന്നും അദ്ദേഹം പറഞ്ഞു. തീരദേശ കർണാടകയിൽ ആകാശവാണിയുടെ പ്രക്ഷേപണ അടിസ്ഥാന സൗകര്യങ്ങളെ ഇത് കൂടുതൽ ശക്തമാക്കും.

***** ***** **** ** ** ***** *********

TB INDIA- GLOBAL TUBERCULOSIS REPORT

ക്ഷയരോഗത്തിനെതിരായ പോരാട്ടത്തിൽ 2015-നെ അപേക്ഷിച്ച് മരണനിരക്കിൽ 38 ശതമാനം കുറവെന്ന ശ്രദ്ധേയ നേട്ടം കൈവരിച്ച് ഇന്ത്യ . ലോകാരോഗ്യ സംഘടനയുടെ ഗ്ലോബൽ ടുബർക്കുലോസിസ് റിപ്പോർട്ട് 2026' പ്രകാരം, രാജ്യത്തെ ക്ഷയരോഗ ബാധിതരിൽ 94 ശതമാനം പേർക്കും ചികിത്സയിലൂടെ രോഗമുക്തി നേടാൻ സാധിച്ചിട്ടുണ്ട്. ദേശീയ ക്ഷയരോഗ നിർമാർജ്ജന പദ്ധതിയിലൂടെയുള്ള ഊർജ്ജിത ഇടപെടലുകളുടെ ഫലമാണ് ഈ നേട്ടമെന്ന് ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു. 'ടിബി മുക്ത് ഭാരത് അഭിയാൻറെ' ഭാഗമായി 25 കോടിയിലധികം ആളുകളെ പരിശോധനയ്ക്ക് വിധേയരാക്കിയതായും മന്ത്രാലയം വ്യക്തമാക്കി.

***** ***** **** ** ** ***** *********

PM - ASEAN

രണ്ടു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 16 ന് ഫിലിപ്പീൻസിലെത്തും. മനിലയിൽ നടക്കുന്ന 23-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടിയിലും 21-ാമത് കിഴക്കൻ

ഏഷ്യാ ഉച്ചകോടിയിലും അദ്ദേഹം പങ്കെടുക്കും. ആഗോള, പ്രാദേശിക പ്രാധാന്യമുള്ള നിരവധി വിഷയങ്ങൾ ഉച്ചകോടികളിൽ ചർച്ചയാവും.

CENTRE- BAN ON IRF

ഇസ്ലാമിക് റിസർച്ച് ഫൗണ്ടേഷന് ഏർപ്പെടുത്തിയിരുന്ന നിരോധനം അഞ്ച് വർഷത്തേക്ക് കൂടി നീട്ടി കേന്ദ്രസർക്കാർ. ഇതുസംബന്ധിച്ച ഗസറ്റ് വിജ്ഞാപനം ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചു. രാജ്യസുരക്ഷയ്ക്ക് ഭീഷണിയാണെന്ന് ചൂണ്ടിക്കാട്ടിയാണ് യു.എ.പി.എ നിയമ പ്രകാരം 2016 മുതൽ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്.

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

PM - CHHATH MAHAPARV

'ഛഠ് പൂജ' ആഘോഷവേളയിൽ ജനങ്ങൾക്ക് ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സൂര്യദേവനെ ആരാധിക്കുന്ന നഹായ്-ഖായ് ചടങ്ങോടെയാണ് ഛഠ് മഹാപർവിന് ഇന്ന് തുടക്കമായത്. നാലുദിവസം നീണ്ടുനിൽക്കുന്ന പൂജകൾക്ക് തിങ്കളാഴ്ചയാണ് സമാപനമാവുക.

IFFI (INTRO)

അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ആതിഥേയത്വം വഹിക്കാൻ ഗോവ പൂർണ്ണ സജ്ജമാണെന്ന് മുഖ്യമന്ത്രി പ്രമോദ് സാവന്ത് . ഈ മാസം 20 മുതൽ 28 വരെ നടക്കുന്ന 57-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഭാഗമായുള്ള വാർത്താസമ്മേളനത്തിൽ സംസാരിക്കുകയിരുന്നു അദ്ദേഹം. ലോകമെമ്പാടുമുള്ള ചലച്ചിത്ര പ്രതിഭകളെ ഒരുമിപ്പിക്കുന്ന വേദി കൂടിയാണ് ഐ.എഫ്.എഫ്.ഐ എന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

***** ***** **** ** **** **** ****

WAVEX-IFFI

ഗോവ ചലച്ചിത്രമേളയോടനുബന്ധിച്ചുള്ള WAVE X സ്റ്റാർട്ടപ്പ് പവലിയനിലേക്കുള്ള രജിസ്ട്രേഷൻ ഇന്ന് അവസാനിക്കും. ചലച്ചിത്ര, മാധ്യമ, അനുബന്ധ സാങ്കേതിക മേഖലകളിൽ പ്രവർത്തിക്കുന്ന അംഗീകൃത സ്റ്റാർട്ടപ്പുകൾക്കാണ് രജിസ്റ്റർ ചെയ്യാൻ സാധിക്കുക.

***** ***** **** ** **** **** ****

UP - FOG

ഉത്തർപ്രദേശിലും ഡൽഹിയിലും കനത്ത മൂടൽമഞ്ഞും വായു മലിനീകരണവും രൂക്ഷം. ഗാസിയാബാദ്, അലിഗഡ്, നോയിഡ, എന്നിവിടങ്ങളിൽ വായു ഗുണനിലവാര സൂചിക 700-ന് മുകളിൽ രേഖപ്പെടുത്തി. ഗൗതംബുദ്ധനഗറിലും, ഗാസിയാബാദിലും അഞ്ച് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളുടെ പഠനം ഹൈബ്രിഡ് രീതിയിലേക്ക് മാറ്റിയിട്ടുണ്ട്. ഈ മാസം 20 വരെ നിർമ്മാണ പ്രവർത്തനങ്ങൾക്കും നിരോധനം ഏർപ്പെടുത്തി. ഉത്തർപ്രദേശിൽ കനത്ത മൂടൽമഞ്ഞ് വാഹന ഗതാഗതത്തെയടക്കം സാരമായി ബാധിക്കുന്നുണ്ട്.

***** ***** **** ** **** **** ****

SPARSH

പ്രതിരോധ പെൻഷൻകാർക്കായുള്ള പ്രത്യേക ജനസമ്പർക്ക പരിപാടി തിരുവനന്തപുരത്ത് തുടങ്ങി. പാങ്ങോട് സൈനിക കേന്ദ്രത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ള പെൻഷൻകാർ നേരിടുന്ന പ്രശ്നങ്ങൾക്ക് തൽക്ഷണം പരിഹാരം കണ്ടെത്തുന്നതിനാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

****

CRICKET

ന്യൂസിലൻഡിനെതിരായ ഏകദിന പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യക്ക് 334 റൺസ് വിജയലക്ഷ്യം. 125 റൺസ് നേടിയ വിൽ യങ്ങിന്റെ തകർപ്പൻ ഇന്നിംഗ്സാണ് ആതിഥേയർക്ക് കരുത്തായത്. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ, 15 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 43 റൺസ് എന്ന നിലയിലാണ്.

****

UKRAINE PEACE TALKS

യുക്രെയ്ൻ- റഷ്യ സമാധാന ചർച്ചകളുടെ അടുത്ത ഘട്ടത്തിൽ യൂറോപ്യൻ പ്രതിനിധികളെയും ഉൾപ്പെടുത്താൻ തയ്യാറെന്ന് റഷ്യ. ചർച്ചകൾക്ക് ശേഷം പ്രസിഡന്റ് വ്ളാഡിമിർ പുടിൻ അനുകൂല നിലപാട് അറിയിച്ചതായി യു.എസ് പ്രതിനിധി സ്റ്റീവ് വിറ്റ് കോഫ് വ്യക്തമാക്കി. അബുദാബിയിൽ കഴിഞ്ഞ ദിവസം നടന്ന ത്രികക്ഷി ചർച്ചകളിൽ , യുദ്ധത്തടവുകാരെ പരസ്പരം കൈമാറുന്നത് അടക്കം വിവിധ വിഷയങ്ങളിൽ ധാരണയിൽ എത്തിയിരുന്നു .

****

MICROSOFT

ഔട്ട്‌ലുക്ക് ഉൾപ്പെടെയുള്ള മൈക്രോസോഫ്റ്റ് സേവനങ്ങളിൽ ലോകമെമ്പാടും വ്യാപകമായ സാങ്കേതിക തടസ്സം നേരിട്ടതായി റിപ്പോർട്ട്. ഔട്ട്‌ലുക്കിന് പുറമെ മൈക്രോസോഫ്റ്റ് ടീംസ്, എ.ഐ അസിസ്റ്റന്റായ കോപൈലറ്റ്, മൈക്രോസോഫ്റ്റ് - 365 എന്നിവയുടെ പ്രവർത്തനവും തകരാറിലായി. സെർവറുകളുടെ ഓട്ടോമേറ്റഡ് ഹെൽത്ത് ചെക്കിലുണ്ടായ തകരാറാണ് സേവനങ്ങൾ തടസ്സപ്പെടാൻ കാരണമെന്നും, പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും മൈക്രോസോഫ്റ്റ് അറിയിച്ചു.

***